**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2347** **27-02-2023 - ൽ മറുപടിയ്ക്ക്**

**മസ്റ്ററിങ്ങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം സാമൂഹ്യ സുരക്ഷാ പെൻഷനുമായും സർക്കാർ ജീവനക്കാരുടെ പെൻഷനുമായും ബന്ധപ്പെട്ട മസ്റ്ററിങ്ങ് നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് എപ്പോൾ വരെയാണ് നീട്ടി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി ഏർപ്പെടുത്തിയിരുന്ന മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ളവർക്ക്, എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ് ചെയ്യുന്നതിനു മുൻപുള്ള കാലയളവ്) സ്വന്തം ചെലവിൽ അക്ഷയകേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്. മസ്റ്ററിംഗിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, മസ്റ്ററിംഗ് സംബന്ധിച്ച അറിയിപ്പ് പൊതുജനങ്ങൾക്ക് നൽകുന്നതിനായി പത്രക്കുറിപ്പും നൽകിയിട്ടുള്ളതുമാണ്. പകർപ്പുകൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>സംസ്ഥാന സർവ്വീസ് പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുന്നവർക്ക്, കോവിഡ്-19 രോഗ വ്യാപന ഭീഷണിയുടെ പശ്ചാത്തലത്തിൽ 2019 ഡിസംബറിലോ അതിന് മുമ്പോ മസ്റ്ററിംഗ് അവസാനിച്ചവർക്ക് മസ്റ്ററിംഗ് നടത്താനുള്ള തീയതി 28.02.2022 വരെ ദീർഘിപ്പിച്ച് 07.02.2022 ലെ സ.ഉ.(സാധാ)നം. 773/2022/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 10/11/2021 ലെ സ.ഉ.(സാധാ) നം. 7264/2021/ധന ഉത്തരവ് പ്രകാരം, ഒരു പെൻഷണർ എന്നാണോ മസ്റ്റർ ചെയ്യുന്നത്, ടി തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മസ്റ്ററിംഗ് വാലിഡിറ്റി ഉണ്ടായിരിക്കുന്നതാണെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഒരു പെൻഷണർക്ക് മസ്റ്ററിംഗ് കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് സൗകര്യപ്രദമായ സമയത്ത് അടുത്ത മസ്റ്ററിംഗ് നടത്താവുന്നതും പ്രസ്തുത തീയതി മുതൽ അടുത്ത ഒരു |

| | | | |
|---|---|---|---|
| | | | വർഷത്തേയ്ക്ക് വീണ്ടും മസ്റ്ററിംഗിന് കാലാവധി / വാലിഡിറ്റി ഉണ്ടായിരിക്കുന്നതുമാണ്. കോവിഡ് ഭീഷണി ക്രമേണ കുറഞ്ഞ സാഹചര്യത്തിൽ നിലവിൽ മസ്റ്ററിംഗ് നടത്താനുള്ള തീയതി നീട്ടി നൽകിയിട്ടില്ല. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

I/5518747/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്

നം.2108592/എസ് എഫ് സി ബി2/22/ധന. 02-12-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ
ഡി ബി റ്റി സെൽ, പഞ്ചായത്ത് ഡയറക്ടറേറ്റ്

നഗരകാര്യ ഡയറക്ടർ
ഡി ബി റ്റി സെൽ, പഞ്ചായത്ത് ഡയറക്ടറേറ്റ്

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റേറ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ
നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ
തിരുവനന്തപുരം

സർ,

വിഷയം:- ധനകാര്യ വകുപ്പ്- സാമൂഹ്യ സുരക്ഷാ പെൻഷൻ- ബയോമെട്രിക് മസ്റ്ററിംഗിനുള്ള അനുമതി നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 15.01.2022-ലെ നം.1492204/എസ്.എഫ്.സി-ബി2/2020/ധന സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അക്ഷയ കേന്ദ്രങ്ങൾ മുഖേനയുള്ള മസ്റ്ററിംഗ്/ ഹോം മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്തുള്ള മസ്റ്ററിംഗ് എന്നിവയ്ക്കുള്ള അനുമതിക്കായി നിരന്തരം അപേക്ഷകൾ ലഭിക്കുന്ന സാഹചര്യവും, മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ അർഹതപ്പെട്ടവർക്ക് രണ്ടര വർഷത്തിലേറെയായി പെൻഷൻ മുടങ്ങുന്ന സാഹചര്യവും കണക്കിലെടുത്ത്, 2019 ഡിസംബർ 31 വരെയുള്ള ഗുണഭോക്താക്കൾക്കായി നടത്തിയിരുന്ന മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ മസ്റ്റർ ചെയ്യുന്നതിനായും (അക്ഷയ കേന്ദ്രങ്ങളിൽ എത്തി മസ്റ്റർ ചെയ്യുന്നതിനായി 30/- രൂപയും ഹോം മസ്റ്ററിംഗിന് 130/- രൂപയും) മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ലൈഫ് സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ

പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിനുമുന്പുള്ള കാലയളവ്) സമയം അനുവദിക്കുന്നു. 2019 ഡിസംബർ 31 വരെയുള്ള ഗുണഭോക്താക്കളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടില്ലായെന്ന കാരണത്താൽ പെൻഷൻ തടയപ്പെട്ടവരുടെ മസ്റ്ററിംഗ് മാത്രമേ നടത്തേണ്ടതുള്ളൂ. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് അടിയന്തരമായി നൽകേണ്ടതാണെന്ന് സദയം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പ്രതീപ് കുമാർ.ബി

ജോയിന്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

## പത്രക്കുറിപ്പ്

2019 ഡിസംബർ 31 വരെയുള്ള ഗുണഭോക്താക്കൾക്കായി നടത്തിയിരുന്ന മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും, മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രദേശിക സർക്കാരുകളിൽ/ ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്ന കാലയളവ്) സമയം അനുവദിച്ചിട്ടുണ്ട്. 2019 ഡിസംബർ 31 വരെയുള്ള ഗുണഭോക്താക്കളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടില്ലായെന്ന കാരണത്താൽ പെൻഷൻ തടയപ്പെട്ടവർ മാത്രമേ മസ്റ്റർ ചെയ്യേണ്ടതുള്ളൂ. അക്ഷയ കേന്ദ്രങ്ങളിൽ എത്തി മസ്റ്റർ ചെയ്യുന്നതിനായി 30/- രൂപയും, പെൻഷൻ ഗുണഭോക്താവിന്റെ വീട്ടിലെത്തി മസ്റ്ററിംഗ് ചെയ്യുന്നതിന് 130/- രൂപയും ഗുണഭോക്താവ് അക്ഷയകേന്ദ്രത്തിനു നൽകേണ്ടതാണ്.